**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103** **30-07-2021 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വകുപ്പ് മുഖാന്തിരം ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികൾക്ക് തുടർചികിത്സാർത്ഥം അനുവദിക്കുന്ന ചികിത്സാ ധനസഹായ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തിരം നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത ധനസഹായത്തിനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകൾ ഹാജരാക്കണമെന്നറിയിക്കുമോ; | (ബി) | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| (സി) | പ്രസ്തുത അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും എപ്രകാരമാണ് നൽകേണ്ടതെന്നും വിശദീകരിക്കാമോ; | (സി) | ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. |
| (ഡി) | എം.എൽ.എ.മാർ മുഖേന വകുപ്പ് മന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാമോ; | (ഡി) | എം.എൽ.എ.മാർ മുഖേന വകുപ്പ് മന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. എം.എൽ.എ മാരുടെ ശുപാർശ സഹിതം ലഭ്യമാകുന്ന ചികിത്സാ ധനസഹായ അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി |

| | | | |
|---|---|---|---|
| | | | വികസന ഓഫീസർ ടി-ഗ്രാന്റ്സ് സൈറ്റ് മുഖേന ബഹു. വകുപ്പ്മന്ത്രിയ്ക്ക് അയയ്ക്കുന്നു |
| (ഇ) | ഒരാൾക്ക് തുടർചികിത്സാർത്ഥം പരമാവധി എത്ര രൂപ വരെ അനുവദിക്കുമെന്ന് വിശദമാക്കാമോ? | (ഇ) | പരമാവധി ഒരു ലക്ഷം രൂപ വരെ ഒരാൾക്ക് തുടർചികിത്സാർത്ഥം ആശുപത്രി മുഖാന്തിരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ